








AMERICAN VARTHAKAL

## വിവേകാനന്ദ സ്വാമികൾ പ്രസംഗിച്ച നാട്ടിലാണോ നിങ്ങൾ അട്ടഹസിച്ചത് ? | 3Comment

**ജോസ് തയ്യിൽ**



കെ.എച്ച് എൻ.എയുടെ ആറാമത് കൺവൻഷൻ വിജയകരമായി പരിസമാപ്തിയിലെത്തി. മൂന്ന ദിവസത്തെ സമ്മേളനവേളയിൽ സനാതന ധർമ്മമെന്ന ഹിന്ദുമതത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും, മനസ്സിലായത് തുടർന്ന കൊണ്ടിരിക്കുന്ന ജീവിതത്തിൽ പ്രാവർത്തികമാക്കണം എന്ന് പ്രതിജ്ഞയെടു ക്കാനും പലരെയും സഹായിച്ചു.

സമ്മേളനം വിജയിപ്പിക്കാനായി കേരളത്തിൽനിന്ന് ചിദാനന്ദപുരി സ്വാമികൾ, ശ്രീമതി ശശികല- (കേരളാ ഹിന്ദു ഐക്യവേദി പ്രസിഡന്റ്) സ്വാമി ഉദിത് ചൈതന്യ, ശ്രീ. ഡോ.ഗോപാലകൃഷ്ണൻ തുടങ്ങിയവർ എത്തിയിരുന്നു. സനാതന ധർമ്മത്തെക്കുറിച്ച് സ്വാമിമാരുടെ പ്രഭാഷണംങ്ങൾ വളരെ ശ്രദ്ധിക്കപ്പെട്ടു. എന്നാൽ വിശിഷ്ടാതിഥികളായി എത്തിയ ഗോപാലകൃഷ്ണന്റെയും, ശശികലയുടെയും പ്രസംഗങ്ങൾ സനാതന ധർമ്മങ്ങളിൽ നിന്നും വ്യതിചലിച്ചു എന്നു വേണം പറയാൻ.

പുല്ലിനും പുഴുവിനും സുഖം നേരുന്ന എന്ന തുടങ്ങുന്ന ധർമ്മിക ശ്രേഷ്ഠതയിൽ ഊന്നിയ പ്രസംഗത്തിന്റെ അവസാനം, ഹിന്ദുക്കളെ-മുസ്ലീംസും, ക്രിസ്ത്യൻസും മതംമാറ്റാൻ അനിയന്ത്രിതമായി പ്രേരിപ്പിക്കുന്ന എന്ന തുടങ്ങിയ ശശികലയുടെ പ്രസംഗം പലരേയും ആശ്ചര്യപ്പെടുത്തി.

ശ്രീമതി ശശികലയുടെ പ്രസംഗത്തിലെ ചില ഭാഗങ്ങൾ ഇപ്രകാരമാണ്.. രണ്ടും മൂന്നും വയസായ കുട്ടികൾ പുറത്തിറങ്ങി കളിക്കാൻപോകുമ്പോൾ മാതാപിതാക്കൾ ഭയപ്പെടും, കുട്ടികളെ പിള്ളേരുപിടുത്തക്കാരെങ്ങാനും തട്ടിയെ ടുത്തെങ്കിലോ? അതുകൊണ്ട് എപ്പോഴും ഒരു കണ്ണ് കൊച്ചു കുട്ടികളുടെമേലുണ്ടാകും. എന്നാൽ അവനോ അവളോ വളർന്ന് 23, 24 വയസ്സായിക്കഴിയുമ്പോൾ മാതാപിതാക്കളുടെ ശ്രദ്ധയിൽ നിന്നും സ്വാഭാവികമായി മാറിപ്പോകുന്നു. അപ്പോൾ അവനെ അല്ലെങ്കിൽ അവളെ മതമാറ്റക്കാർ അടിച്ചു കൊണ്ടു പോകുന്നു. ഇതിനെതിരെ സംഘടിച്ചില്ലെങ്കിൽ വരും നാളുകളിൽ മറ്റു മതങ്ങൾ മുൻ നിരയിലെത്തും, ആകെ തകരും!

വളരെ ആഴത്തിൽ വായനയുള്ള ശ്രീമതി ശശികല അൽപം കൂടി പക്വതയോടെ ചിന്തിക്കണം. മുതിർന്ന കുട്ടികൾ അവരുടെ ഭാവി തെരഞ്ഞെടുക്കുന്നതിൽ എന്തു തെറ്റിരിക്കുന്നു? ഈ ലോകം നമ്മുടേതാണോ? ഈ കുട്ടികൾ നമ്മളുടേതാണെന്ന തോന്നൽ, വെറും














തോന്നലല്ലേ? നമ്മളില്ക്കൂടി ജനിച്ചു, നമ്മൾ ഒരു നിമിത്തം മാത്രം- അതല്ലേ ശരി?

ഗർഭപാത്രത്തിൽ രൂപം കൊണ്ട ശിശുവിന് ഓരോ മാത്രയിലും വേണ്ട വളർച്ച നൽകിയത് ഈശ്വരനല്ലേ? ഒരു ദിവസം അവനോ അവളോ അലറി വിളിച്ചു കരഞ്ഞു കൊണ്ട് പുറത്തു വരുന്നു. ആ നിമിഷം മുതൽ ആ കുട്ടി സ്വയം പര്യാപ്തത ആർജ്ജിക്കാനുള്ള ശ്രമം ആരംഭിക്കുന്നു. അങ്ങനെ ആ കുട്ടിയുടെ വളർച്ചയുടെ ഓരോ നിമിഷ ത്തിലും ഈശ്വരന്റെ പ്രത്യേക താൽപര്യം അവരിൽ നിക്ഷിപ്തമാകുന്നു, അതനുസരിച്ച് മാതാപിതാക്കളിൽ നിന്നും വ്യത്യസ്തമായി കുട്ടികൾ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു - അതല്ലേ ശരി? നമുക്കെല്ലാം ഒരു തോന്നലുണ്ട് നമ്മളിൽ കൂടി ജനിച്ചതുകൊണ്ട് കുട്ടികൾ നമ്മളുടേതാണെന്ന്, പക്ഷേ, ഇശ്വരൻ എന്ന ശിൽപി ലോകത്തിലെ സകല പെൺ വർഗത്തിന്റെയും ഗർഭപാത്രം വാടകയ്ക്കെടുത്ത്,ബാക്കി പ്രക്രിയകൾ ആരംഭിക്കുന്നു, അതോടൊ ഈശ്വരന്റെ ജീനുകൾ അവിടെ പ്രവർത്തനം ആരംഭിക്കുന്നു .

മനുഷ്യനും മറ്റു ചരാചരങ്ങളും കേവലം ഉപകരണങ്ങൾ മാത്രം! അവരെ മനുഷ്യന്റെ വഴിക്ക് പിടിക്കാൻ ശ്രമിച്ചാൽ പിടികിട്ടുമോ? ഇതെല്ലാം വെറും മായ- മായമാത്രം- ഈ ലോകത്തിലെ പട്ടിണിയും പരിവട്ടവും, മുസ്ലീം മതവും , ക്രിസ്തുമതവും. ഇതെല്ലാം കണ്ട് വെറുതെ കുലിത്തല്ലുകാരിയാകരുത് ! സകല ചരാചരങ്ങളെയും കഴിവതും സ്നേഹിക്കാൻ ശ്രമിക്കുക, അതുവഴി വിഘടന ചിന്താഗതിക്കാരെ നേർവഴിയിൽ എത്തിക്കാൻ തീർച്ചയായും സാധിക്കും; അതാണ് ഹിന്ദു ധർമ്മം! ശശികലയുടെ മറ്റൊരുവാചകം ഇങ്ങനെ: ശശികലയെ ഏതോ നസ്രാണി പപ്പടം പഴം പായസം എന്നു വിളിച്ചു, ഞാൻ തിരിച്ചവനെ പട്ടിയിറച്ചി, പട്ടിയിറച്ചി എന്നും വിളിച്ചു - അതിൽ എന്തു തെറ്റിരിക്കുന്നു? ശശികലേ - തീക്കൊള്ളികൊണ്ട് തല ചൊറിയരുത് !

ശ്രീരാമചന്ദ്രൻ തിരിച്ചുവരുകയാണെങ്കിൽ വടക്കേഇൻഡ്യയിലെ രാമജന്മഭൂമി ബാബറി മസ്ജീദ്കാർക്ക് നൽകാൻ ആവശ്യപ്പെട്ടേക്കും- കാരണം അനുജൻ ഭരതനെ രാജ്യഭാരം ഏൽപിക്കണമെന്നു പറഞ്ഞപ്പോൾ പുള്ളി കാട്ടിലേയ്ക്ക് തിരിച്ചു- പക്ഷേ ആ പുള്ളിയുടെ ഭാര്യയെ രാവണൻ കൊണ്ടുപോയപ്പോൾ ബലമായി പിടിച്ചുകൊണ്ടു വരാൻ ഹനുമാനുകളെ പറഞ്ഞയച്ചു. എന്താ ഇതിൽ നിന്നും പഠിക്കുക.

അങ്ങനെ തുടക്കത്തിൽ സനാതനധർമ്മത്തിൽ അധഷ്ഠിതമായി സംസാരിക്കാൻ തുടങ്ങിയ ശശികല ചീപ്പ് കയ്യടിക്കു വേണ്ടി വിഷയത്തിൽ നിന്നും തെന്നിമാറി, ഒടുവിൽ ഗർജ്ജിക്കാൻ തുടങ്ങി. ഈ വിഷലിബ്ധമായ വാക്കുകൾ വടക്കേ അമേരിക്കയിൽ വിളമ്പോണോ ? പ്രസംഗമെല്ലാം കഴിഞ്ഞു ലോബിയിലെത്തിയ ശശികലയോട് എന്തുകൊണ്ടാണ് പ്രസംഗത്തിന്റെ അവസാന ഭാഗം ബാലിശമാക്കിക്കളഞ്ഞതെന്നു ചോദിക്കാൻ തുനിഞ്ഞ ലേഖകനോട് - ഇപ്പോൾ സമയമില്ല, പിന്നീട് സംസാരിക്കാം എന്നു പറഞ്ഞുകൊണ്ട് വാലും മൂട്ടും ഇല്ലാത്ത സ്തുതിപാഠകരുടെ ഇടയിലേക്ക് ഇഴഞ്ഞുകയറി!

ഇനി നമ്മുടെ അടുത്ത കാരക്ടർ - വിശിഷ്ടാതിഥി പണ്ഡിതൻ, ഡോ.ഗോപാലകൃഷ്ണന്റെ പ്രഭാഷണത്തിലേക്ക് നമുക്കൊന്നു കണ്ണോടിക്കാം.

അദ്ദേഹവും പ്രസംഗത്തിന്റെ തുടക്കത്തിൽ പതിവുപോലെ ആർക്കും മനസ്സിലാകാത്ത സംസ്കൃത ഭാഷയിലുള്ള ശ്ലോകങ്ങൾ (അദ്ദേഹം

Lawson TRAVELS

INDIAN NATIONAL OVERSEASE CONGRESS

എഴുതിയതല്ല -ഋഗ്വേദത്തിലും ഉപനിഷത്തിലുമുള്ള വരി കൾ) ഏതപ്പാ കോതമംഗലം എന്ന് ആശ്ചര്യപ്പെട്ടിരിക്കുന്ന ശ്രോതാക്കളുടെ തലയിലേക്ക് എയ്തുകൊണ്ട് പ്രസംഗം ആരംഭിച്ചു.

കേട്ടിരിക്കുന്നവർക്ക് മുഷിപ്പ് തോന്നാത്തവിധത്തിലുള്ള അദ്ദേഹത്തിന്റെ പ്രഭാഷണത്തിന്റെ അവസാനം- ഭാഷ നന്നായി കൈകാര്യം ചെയ്യാൻ ഈശ്വരൻ നൽകിയ വരദാനം പാഴാക്കിക്കൊണ്ട് - അദ്ദേഹവും വിഷലിബ്ധമായ വർഗീയ തലങ്ങളിലേയ്ക്ക് ഊളിയിട്ടു.

ഈ വാക്ക്ചാതുരി എന്റെ മാത്രം കഴിവാണ് - അതുകൊണ്ട് എനിക്കു ലഭിച്ച വരദാനത്തെഇഷ്ടമുള്ളതു പോലെ ഉപയോഗിക്കും: ആരുണ്ടിവിടെ ചോദിക്കാൻ എന്ന ധാർഷ്ട്യത്തോടെ, ഈശ്വരൻ സൃഷ്ടിച്ച മറ്റൊരു മതമായ ക്രിസ്തുമതത്തെ പിടിച്ചു കുലുക്കാൻ തുടങ്ങി.. അദ്ദേഹം ബൈബിളിൽ നിന്നു കണ്ടെടുത്ത ചില വാക്യങ്ങൾ ശ്രദ്ധിക്കുക. എന്റെ വരവ് നിങ്ങളുടെ കുടുംബത്തിൽ അസ്സമാധാനം ഉണ്ടാക്കുന്നതിനും, ഭാര്യയെ ഭർത്താവിനെതിരെയും ഭർത്താവിനെ തിരിച്ചും, ചിഹ്നഭിന്നമാക്കാനാണന്നാണ്-ബൈബിളിൽ എഴുതിയിരിക്കുന്നതെന്നാണ് അദ്ദേഹത്തിന്റെ ഭാഷ്യം!.സത്യത്തിൽ അങ്ങനെയാണോ, ലോകാവസാനകാലത്തെക്കുറിച്ചല്ലേ ആ പരാമർശം?

മറ്റൊന്ന് ആ കക്ഷി കുരിശിൽ കിടന്ന് ഏലി ഏലി...... ഏന്നു ഉരുവിട്ടതല്ലാതെ പുള്ളിക്ക് അവിടെനിന്നും രക്ഷപെടാൻ സാധിച്ചില്ല. എന്തു തറയായിട്ടാ ഗോപാലകൃഷ്ണാ താങ്കൾ വ്യംഗ്യാർത്ഥത്തിൽ എഴുതപ്പെട്ടിരിക്കുന്ന മതഗ്രന്ഥങ്ങളിലെ വരികൾ ഉദ്ധരിച്ചുകൊണ്ട് സന്തോഷത്തോടെയും സമാധാനത്തോടെയും ജീവിക്കുന്ന അമേരിക്കൻ മലയാളികൾക്കിടയിൽ അശാന്തിയുടെ വിത്തുകൾ പാകാൻ ശ്രമിച്ചത് !

അമേരിക്കയിലെ നസ്രാണികളും, ഹിന്ദുക്കളും മുസ്ലീംസുമെല്ലാം യാതൊരു ജാതിസ്പർധയിമില്ലാതെ ചാതുർവർണ്ണ്യത്തിന്റെ ലവലേശം പോലും ജീവിതത്തിൽ പകർത്താതെ സന്തു◌ുഷ്ടമായി ജീവിക്കുന്നതു കണ്ടതിലുണ്ടായ അസ്സൂയയാണോ മറ്റൊരു മതത്തെ വിമർശിക്കാൻ താങ്കളെ പ്രേരിപ്പിച്ചത് ?

പ്രഭാഷണത്തിനിടയിൽ അദ്ദേഹം എതോ നൂലു ശരീരത്തിൽ അണിഞ്ഞിട്ടുണ്ടെന്നു പറയാനുള്ള ധൈര്യവും കാണിച്ചു - അതിശയം! ജന്മംകൊണ്ടല്ല, കർമ്മംകൊണ്ടല്ലേ ബ്രാഹ്മണ്യം തെളിയിക്കേണ്ടത് ! ഇദ്ദേഹം പ്രഭാഷണം ആരംഭിച്ചപ്പോഴേ പറഞ്ഞു- എന്റെ പ്രസംഗത്തിൽ ആർക്കെങ്കിലും കല്ലുകടിയുണ്ടായാൽ ഈ അസ്സോസിയേഷൻകാരെ കുറ്റപ്പെടുത്തരുത് - എന്നോട് തന്നെ ചോദിക്കാം - സംവാദിക്കാം ..

ഇതുകേട്ട് - പ്രസംഗം കഴിഞ്ഞ് - ലോബിയിലെത്തിയ കഥാപുരുഷനോട് - താങ്കളുടെ പ്രഭാഷണത്തിന്റെ ആദ്യഭാഗങ്ങൾ വളരെ അറിവു പകരുന്നതായിരുന്നു, പക്ഷേ എന്തുകൊണ്ട് അവസാന ഭാഗത്ത് മറ്റൊരു മതത്തെ തറഭാഷയിൽ പരുഷമായി വിമർശിക്കാൻ താങ്കൾ തയ്യാറായി ?

പച്ച മലയാളത്തിൽ, പറഞ്ഞാൽ അങ്ങേര് ഉണ്ടയിട്ടു- കുറ്റ ബോധം.

ഇത്രയും കുറിച്ചത് `കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക്' എന്ന അസ്സോസിയേഷന്റെ പ്രവർത്തനത്തിൽ കളങ്കം ചാർത്താനോ , അതിന്റെ പ്രവർത്തകരായ സർവ്വശ്രീ. എം.ജി മോനോൻ, ഗണേഷ് നായർ, പാർത്ഥസാരഥി, ശശിമേനോൻ, മന്മഥൻ, ഇവരുടെയൊന്നും മുഖത്ത് കരിവാരി തേയ്ക്കാനല്ല.(തേയ്ക്കാൻ സാധിക്കയുമില്ല) മറിച്ച് മത സ്പർധ

വിളമ്പുന്ന ഇത്തരം പ്രഭാഷകരെ കേരളത്തിലുള്ളവരും അമേരിക്കയിലുള്ള മലയാളികളും ബഹിഷ്കരിക്കണം. അതു മാത്രമാണ് ഉദ്ദേശം. മറ്റൊന്ന്, മതം മാറ്റം, ഓരോ വ്യക്തിയുടെയും തീരുമാനമായിരിക്കെ, അതിന്റെ പേരിൽ മറ്റൊരു മതത്തെ തറ ഭാഷയിൽ വിമർശിക്കാൻ തയ്യാറാകുന്നവരെ തിരിച്ചറിഞ്ഞില്ലെങ്കിൽ, ഭാവിയിൽ വലിയ വില കൊടുക്കേണ്ടി വരും. മുളയിലേ നുള്ളേണ്ടത് മുളയിൽ തന്നെ നുള്ളണം.അതല്ലേ ശരി ?

ഈ പ്രഭാഷകരുടെ അറിവിന്റെ ഭണ്ഡാരം കഴുത പൊന്നു ചുമക്കുന്നതിനു തുല്യം! അന്തിക്കു മണ്ണെണ്ണ വാങ്ങിക്കാൻ പോകുന്ന സാധുക്കളുടെ തലയിലേയ്ക്ക് വിഷലിബ്ധമായ ഇവരുടെ വാക്കുകൾ തുളഞ്ഞുകയറിയാൽ മതസ്പർദ്ധ ആളിക്കത്തുകയല്ലേ ഫലം ? [redacted]യുടെ അഭിപ്രായത്തിൽ ഇവരെ ഉപദേശിച്ചിട്ടും, പരിരക്ഷിച്ചിട്ടും കാര്യമില്ല. ഇവരെ എന്തു ചെയ്യണമെന്നോ?..

പണ്ട് ഞങ്ങളുടെ നാട്ടിൽ ഒരു കടിക്കുന്ന പട്ടിയുണ്ടായിരുന്നു. മതമൊന്നും നോക്കാതെ വഴിയിൽ കാണുന്നവരെ എല്ലാം ഓടിച്ചിട്ടു കടിക്കുന്ന പട്ടി. ഒരുദിവസം നാട്ടുകാരെന്തു ചെയ്തു, അൽപം വെള്ളം പൊങ്ങിയപ്പോൾ വാഴത്തടകൊണ്ട് ചങ്ങാടം ഉണ്ടാക്കി നായെ അതിനോട് ബന്ധിച്ച് അറബിക്കടലിൽ തള്ളി. പിന്നെ ആ പട്ടി ആരെയും കടിച്ചിട്ടില്ല, അതുപൊലെ വൈകാതെ ഇവറ്റകളെ ഒരു വാഴത്തടയിൽ ബന്ധിച്ച് അറബിക്കടലിൽ തള്ളാൻ കേരളാ ഗവണ്മേന്റ് ഒരിക്കലും മടിക്കരുത്!

പ്രിയ കേരള ഹിന്ദു സമാജം ഭാരവാഹികളെ - നിങ്ങൾ നല്ലത് പ്രതീക്ഷിച്ചുകൊണ്ട് മാത്രമാണ് മേൽ പറഞ്ഞ രണ്ടു `വിദ്വാന്മാരെ' അമേരിക്കയിൽ എത്തിച്ചത്. ഇവർക്കു രണ്ടാൾക്കും നന്നായി പ്രഭാഷണം നടത്താനറിയാം, പക്ഷേ അവർക്ക് ലഭിച്ച വരദാനം ദുർവിനിയോഗം ചെയ്യാനെ ഉപയോഗിക്കു എന്നു ശാഠ്യം പിടിച്ചാൽ.. ? പൂച്ചക്ക് ആരെങ്കിലും മണികെട്ടണം - അതല്ലേ ശരി? തെറ്റുണ്ടെങ്കിൽ- ദയവു ചെയ്ത് ചർച്ചചെയ്യാൻ സംഘാടകർ സന്നദ്ധത കാണിക്കുക.

ശ്രീപത്മനാഭ സ്വാമി ക്ഷേത്രം പോലുള്ള ക്ഷേത്രങ്ങളിൽ കുമിഞ്ഞു കൂടിയിരിക്കുന്ന നിധി യുടെ ഒരംശമെടുത്ത് സാധുക്കൾക്ക് നൽകാൻ ശ്രമിക്കുക. കേരളത്തിലെ പട്ടിണിയും മതംമാറ്റവുമെല്ലാംതാനേ മാറിമറയും !

പകരം എലിയെ പിടിക്കാൻ ഇല്ലം ചുടുന്ന പ്രഭാഷകരുടെ നയം ആർക്കുംഭൂഷണമല്ല.

ജയ് ഹിന്ദ്.

Like 0 Share

**3 RESPONSES**

**Raj menon**

2011-07-12 22:04:22

Hi MR Jose, What have u got to say when Christian priests openly ask their commun ty to send children only to their own schools? What about the actions of inter church council who openly challenge an elected Government as if christians have one set of rules and others have another? What about your priests who are just money grabbers in name of religion ask vulnerable people to convert to christian ty offering money? First learn how to repect other religion then you wont see Hindus encoraging speakers like Sasikala teacher. My freind more and more hindus follow Sasikala teacher and Goplakrishnan because of all the actions by organised Christian network in Kerala